# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 226      19.12.2012-ൽ മറുപടിക്ക്

## നിർബന്ധിത ഗ്രാമീണ സേവനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. മാത്യു റ്റി തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി. കെ. നാണു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ ചില ജില്ലകളിൽ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരവധി തവണ സംസ്ഥാന തല കൗൺസിലിംഗ് നടത്തിയിട്ടും പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ആവശ്യമായ ഡോക്ടർമാരെ ലഭിച്ചിട്ടില്ല |
| (ബി) മെഡിക്കൽ ബിരുദം നേടി പുറത്തിറങ്ങുന്ന ഡോക്ടർമാരുടെ നിർബന്ധിത ഗ്രാമീണസേവനം നിർത്തലാക്കുവാനുണ്ടായ കാരണം വ്യക്തമാക്കാമോ ? | (ബി) മെഡിക്കൽ ബിരുദം നേടി പുറത്തിറങ്ങുന്ന ഡോക്ടർമാർ ഒരുവർഷത്തെ നിർബന്ധിത ഗ്രാമീണ സേവനം ചെയ്യണമെന്ന് വ്യവസ്ഥ ഉണ്ടായിരുന്നു. എന്നാൽ നിരവധിതവണ സംസ്ഥാനതല കൗൺസിലിംഗുകൾ നടത്തിയിട്ടും പല ജില്ലകളിലും ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ ക്ഷാമം അനുഭവപ്പെടുകയുണ്ടായി. നിർബന്ധിത ഗ്രാമീണ സേവനത്തെ എതിർത്തുകൊണ്ട് വിദ്യാർത്ഥി സംഘടനകളും രംഗത്തു വരികയുണ്ടായി. തന്മൂലം നിർബന്ധിത ഗ്രാമീണ സേവനം ഫലപ്രദമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്ന സാഹചര്യത്തിൽ സർക്കാർ ബന്ധപ്പെട്ട വിദ്യാർത്ഥി സംഘടനകളുമായി നിരവധിതവണ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത ഗ്രാമീണ സേവന വ്യവസ്ഥയ്ക്ക് ബദലായി സന്നദ്ധ ഗ്രാമീണ സേവനം എന്ന പുതിയ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. സ്വമേധയാ ഗ്രാമീണ മേഖലയിൽ സേവനം അനുഷ്ഠിക്കാൻ തയ്യാറായ ഡോക്ടർമാർക്ക് എൻ.ആർ.എച്ച്.എം. വഴി നിയമനം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിക്ക് ഡോക്ടർമാരുടെ ഭാഗത്തുനിന്നും നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. |

(signature)

സെക്ഷൻ ഓഫീസർ